"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആപത്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുന്ന സാഹചര്യങ്ങളിൽ ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുള്ള തുകയായ 40 രൂപ എന്നത് കിലോഗ്രാമിന് 50 രൂപയും 18% ജി എസ് റ്റി യും എന്ന നിരക്കിലേക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

G.O.(Rt)No.479/2021/LSGD തീയതി,തിരുവനന്തപുരം, 17/02/2021

---

പരാമർശം:- 1 17.10.2017- ലെ സ.ഉ.(സാധാ)നം. 3326/2017/തസ്വഭവ നമ്പർ ഉത്തരവ്

2 22.12.20218ലെ സ.ഉ.(സാധാ)നം. 3326/2017/തസ്വഭവ നമ്പർ ഉത്തരവ്

3 ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടറുടെ 23.01.2021-ലെ A 47/CKCL/21 നമ്പർ കത്ത്

<u>ഉത്തരവ്</u>

ആപത്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുന്ന സാഹചര്യങ്ങളിൽ കിലോഗ്രാമിന് 40/- രൂപ നിരക്കിൽ അവ നൽകുന്ന അതാത് സ്ഥാപനങ്ങളിൽ നിന്ന് (സർക്കാർ/സർക്കാരിതര /പൊതുമേഖല ) ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ആപത്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുന്ന സാഹചര്യങ്ങളിൽ കിലോഗ്രാമിന് 40/- രൂപ എന്നനിരക്കിനൊപ്പം 18 ശതമാനം സേവന നികുതി കൂടി അതാത് സ്ഥാപനങ്ങളിൽ നിന്ന് (സർക്കാർ/സർക്കാരിതര /പൊതുമേഖല) ഈടാക്കുന്നതിന് പരാമർശം (2) പ്രകാരം ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ഓരോ കിലോഗ്രാമിനും 25 രൂപയും 18% ജി.എസ്.റ്റി യും എന്ന നിരക്കിൽ സർവീസ് ചാർജ് നൽകിക്കൊണ്ട് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന് (KEIL) കൈമാറുകയാണ് ചെയ്യുന്നത്. മാലിന്യ ശേഖരണത്തിന്റെ ഭാഗമായി ക്ലീൻ കേരള കമ്പനിക്ക് ഓരോ കിലോഗ്രാമിലും ലഭിക്കുന്ന 40 രൂപയിൽ ബാക്കിയുള്ള 15 രൂപ മാലിന്യം ട്രാൻസ്പോർട് ചെയ്യുന്ന ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്. എന്നാൽ മാലിന്യനിർമ്മാർജനത്തിനു ക്ലീൻ കേരള കമ്പനി KEIL-ന് നൽകേണ്ടതുക ഓരോ കിലോഗ്രാമിനും 35 രൂപ (ജി.എസ്.റ്റി കൂടാതെ) എന്ന നിരക്കിലേക്ക് KEIL വർധിപ്പിച്ച സാഹചര്യത്തിൽ ആപൽക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുന്ന സാഹചര്യങ്ങളിൽ ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുള്ള തുകയായ 40 രൂപ എന്നത് കിലോഗ്രാമിന് 50 രൂപയും 18% ജി.എസ്.റ്റി-യും എന്ന നിരക്കിലേക്ക് പുതുക്കി നിശ്ചയിക്കണമെന്നു ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആപത്കരമായ വസ്തുക്കൾ

അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുന്ന സാഹചര്യങ്ങളിൽ ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുള്ള തുകയായ 40 രൂപ എന്നത് കിലോഗ്രാമിന് 50 രൂപയും 18% ജി.എസ്.റ്റി.യും എന്ന നിരക്കിലേക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
DEPUTY SECRETARY

മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്